# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 04 ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -237)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : 1734 മുതൽ 1791 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | : 1792 മുതൽ 1863 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 1864 മുതൽ 1896 വരെ |
| വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി | : 1897 മുതൽ 1970 വരെ |

## ബൈതരണി കൽക്കരി നിലയത്തിൽ നിന്നും കൽക്കരി

1734 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറീസയിലെ ബൈതരണി കൽക്കരി നിലയത്തിൽ നിന്നും കൽക്കരി വാങ്ങുന്നതിന് കെ.എസ്.ഇ.ബി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;എങ്കിൽ എപ്പോഴെന്നും ഏതു വ്യവസ്ഥയിലെന്നും വ്യക്തമാക്കാമോ;

(ബി) കൽക്കരി ലഭിച്ചു തുടങ്ങിയോ; ഇത് ഉപയോഗിച്ച് വൈദ്യുതി ഉല്പാദനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ഒറീസ്സയിൽ തെർമൽ പവർ പ്ലാന്റ്

1735 ശ്രീ. വർക്കല കഹാർ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയന്ത്രണത്തോടെ ഒറീസ്സയിൽ തെർമൽ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങളും പവർ പ്ലാന്റിന്റെ പ്രവർത്തനരീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ സാദ്ധ്യതാപഠനം ആരെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി എങ്ങനെ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പുതിയ വൈദ്യുതി കണക്ഷന്‍</u>

1736 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പില്‍
,, വി. പി. സജീന്ദ്രന്‍
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഇതുവരെ എത്രപേര്‍ക്ക് വൈദ്യുതി കണക്ഷന്‍ നല്‍കിയിട്ടുണ്ട് ;

(ബി) എത്രപേര്‍ക്ക് വൈദ്യുതി കണക്ഷന്‍ നല്‍കണമെന്നാണ് പുതിയ സര്‍ക്കാര്‍ ലക്ഷ്യമിട്ടിരുന്നത് ;

(സി) ഇനി വൈദ്യുതി കണക്ഷന്‍ ലഭിക്കാനുള്ളവര്‍ക്ക് എത്രയും വേഗം ആയത് നല്‍കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

പുതുതായി വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർ

1737

ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) പുതുതായി വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർക്കെല്ലാം ആയത് നൽകുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>വൈദ്യുത കണക്ഷന് അപേക്ഷിച്ചവർ</u>

1738

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത കണക്ഷന് അപേക്ഷിച്ചവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് വൈദ്യുതി കണക്ഷൻ എപ്പോൾ കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

വൈദ്യുതീകരിക്കപ്പെടാത്ത വീടുകളുള്ള സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലങ്ങൾ

1739 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യൂതീകരണം നടപ്പിലാക്കിയ മണ്ഡലങ്ങൾ ഏതെല്ലാമാണെന്നു പറയാമോ ;

(ബി) സമ്പൂർണ്ണ വൈദ്യൂതീകരണം നടപ്പിലാക്കിയ മണ്ഡലങ്ങളിൽ ഒറ്റപ്പെട്ട വീടുകൾ വൈദ്യുതീകരിക്കപ്പെടാതെയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ദൂരകൂടുതൽ അമിത സാമ്പത്തികചെലവ് തുടങ്ങിയ കാരണങ്ങളാൽ ഒറ്റപ്പെട്ട മേഖലയിലെ വൈദ്യുതീകരണം നടക്കാത്ത വീടുകൾക്ക് വൈദ്യുതീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

സമ്പൂർണ്ണ വൈദ്യുതീകരണത്തിന് മുൻഗണന

1740 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നിയോജമണ്ഡലങ്ങളിലാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ മണ്ഡലങ്ങളിൽ തുടർന്നും അപേക്ഷകളിൽ കുടിശ്ശിക വരുത്താതെ നിശ്ചിത സമയപരിധിക്കുള്ളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് മുൻഗണന നൽകി അതുവഴി സമ്പൂർണ്ണത എന്നും നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

വഴി വിളക്കുകൾ യഥാസമയം തെളിയിക്കാൻ നടപടി

1741 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വാങ്ങി നൽകുന്ന സ്ട്രീറ്റ്ലൈറ്റുകൾ നിശ്ചിത സമയത്തിനകം തെളിയിക്കാൻ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ തീയതി ഉൾപ്പെടെ ഉത്തരവ് വിശദമാക്കാമോ;

(ബി) ഇതുപോലെ വാങ്ങി നൽകുന്ന ലൈറ്റുകൾ തെളിയിക്കാൻ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം വിഷയങ്ങൾ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ ചുമതലയിൻകീഴിൽ കൊണ്ടുവരാൻ കഴിയുമോ; എങ്കിൽ വിശദമാക്കുമോ;

(ഡി) അപകടങ്ങൾ പെരുകുന്ന ആറ്റിങ്ങൽ തിരുവനന്തപുരം ദേശീയപാതയിൽ സ്ട്രീറ്റ്ലൈറ്റുകൾ തെളിയിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സ്ട്രീറ്റ്ലൈറ്റുകൾ യഥാസമയം തെളിയിക്കുന്നതിന് നടപടിയെടുക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>പ്രതിദിന വൈദ്യുതി ഉപഭോഗം</u>

1742

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) പ്രതിദിന വൈദ്യുതി ഉപഭോഗത്തിന്റെ ശരാശരി എത്രയെന്നു വ്യക്തമാക്കുമോ;

(സി) ഇലക്ട്രിക് - ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് ആളോഹരി വൈദ്യുതി ഉപഭോഗം ക്രമാതീതമായി വർദ്ധിക്കുന്ന സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ആളോഹരി വൈദ്യുതി ഉപഭോഗവും പ്രതിദിന ശരാശരി ഉപഭോഗവും കുറയ്ക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ഉൽപ്പാദനം</u>

1743 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-11 കാലഘട്ടത്തിൽ കേരളത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു;

(ബി) ഏതൊക്കെ പദ്ധതികളിൽ നിന്നാണ് പുതുതായി വൈദ്യുതി ഉല്പാദിപ്പിക്കുന്നത്;

(സി) ഈ കാലയളവിൽ എത്ര പദ്ധതികൾ ആരംഭിച്ചു; അവ ഏതൊക്കെ; ഇതിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി പ്രതീക്ഷിക്കുന്നു;

(ഡി) ഇപ്പോൾ കേന്ദ്ര പൂളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്;

(ഇ) എത്ര രൂപ നിരക്കിലാണ് സംസ്ഥാനത്ത് നിന്ന് വൈദ്യുതി വിൽക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തൽ

1744 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എത്ര കി. മീ. 11 കെവി. ലൈൻ നിർമ്മിച്ചിട്ടുണ്ട്;

(സി) എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ഡി) ഏതെല്ലാം ജില്ലകളിൽ കേടായിരുന്ന മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്: വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

## വൈദ്യുതി പദ്ധതികൾ

1745 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം പുതിയ ജലവൈദ്യുത പദ്ധതികൾ ആണ് പരിഗണിക്കുന്നത്; അതിനായി എത്ര രൂപയാണ് നീക്കിവച്ചിരിക്കുന്നത്;

(സി) പാരമ്പര്യ, പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികളിൽ താരതമ്യേന പരിസ്ഥിതി മലിനീകരണം താരതമ്യേന കുറയ്ക്കാവുന്ന പദ്ധതികൾ ഏതെല്ലാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ഗുണമേന്മയുള്ള വൈദ്യുതി സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കൾക്കും എത്തിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(ഇ) കേടായ വൈദ്യുത മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) 1.6.2011 മുതൽ 31.8.2011 വരെ എത്ര കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി. പുനഃസംഘടന

1746 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പുനഃസംഘടനാ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പുനഃസംഘടനാ നടപടികൾ നിർത്തിവച്ച് നിലവിലുള്ള സംവിധാനം തുടരുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വിവിധ ആവശ്യങ്ങൾക്കായുള്ള വൈദ്യുതി കണക്ഷനുകൾ</u>

1747 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക, വ്യാവസായിക, വാണിജ്യ, കാർഷിക, സാമൂഹ്യക്ഷേമ ആവശ്യങ്ങൾക്കായുള്ള എത്ര വൈദ്യുതി കണക്ഷനുകളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഗാർഹിക, വ്യാവസായിക, വാണിജ്യ, കാർഷിക, സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽ ഉൾപ്പെടെ എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയെന്ന് ഇനം തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

എസ്.എം.എസ്. സംവിധാനം

1748 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധിച്ച പരാതി അറിയിക്കാൻ എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സംവിധാനം എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സംവിധാനം മുഖേന ഇതുവരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം

1749 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്ത
മാക്കുമോ ;

(ബി) എങ്കിൽ ഇതിലൂടെ എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ഭൂമിക്കടിയിലൂടെ വൈദ്യുത ലൈനുകൾ</u>

1750 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പ്രസരണ നഷ്ടവും മോഷണവും ഒഴിവാക്കാനും ലൈനുകളിൽ ആവർത്തിക്കുന്ന അപകടങ്ങൾ ഒഴിവാക്കാനും വൈദ്യുതി വിതരണത്തിന്റെ തടസ്സങ്ങൾ ശാശ്വതമായി പരിഹരിക്കാനും ഭൂമിക്കടിയിലൂടെ വൈദ്യുത ലൈനുകൾ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന് പൂർത്തിയാക്കുവാൻ കഴിയും; ഇല്ലെങ്കിൽ മറ്റു പദ്ധതികൾ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>പെരുവണ്ണാമൂഴി വൈദ്യുത പദ്ധതി</u>

1751 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട വൈദ്യുത പദ്ധതി നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>പെരുന്തേനരുവി വൈദ്യുത പദ്ധതി</u>

1752 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നിയിലെ പെരുന്തേനരുവിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പെരുന്തേനരുവി വൈദ്യുത പദ്ധതിയുടെ സ്ഥാപിത ശേഷി എത്ര മെഗാവാട്ടാണ്; ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതി നിർവ്വഹണത്തിനായി ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഏറ്റെടുക്കേണ്ടി വരും;

(സി) ഏറ്റെടുക്കുന്നതിൽ വനഭൂമി ഉണ്ടോ; വനഭൂമി ഏറ്റെടുക്കാൻ എന്തൊക്കെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്;

(ഡി) ഈ പദ്ധതിയുടെ നിർമ്മാണം മൂലം അനന്തമായ ടൂറിസം സാദ്ധ്യതകളുള്ള പെരുന്തേനരുവി വെള്ളച്ചാട്ടം നഷ്ടമാകുമെന്ന ജനങ്ങളുടെ ആശങ്ക ദുരീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) പദ്ധതിയുടെ നിർമ്മാണം മൂലം ആദിവാസി കോളനിയായ കുരുടൻമൂഴിയിലേക്കു പോകുന്നതിനായി നിർമ്മിച്ചിട്ടുള്ള കുരുടൻമൂഴി ക്രോസ് വേ വെള്ളത്തിനടിയിലാകുമെന്ന ആശങ്കയ്ക്ക് എന്ത് പരിഹാരമാണ് വൈദ്യുതി ബോർഡ് മുന്നോട്ട് വയ്ക്കുന്നത്;

(എഫ്) ഈ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ആരാണ് കരാറുകാർ; നിർമ്മാണത്തിന്റെ മേൽനോട്ടം ആർക്കാണ്; എത്ര നാളുകൾകൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് കരാർ ചെയ്തിട്ടുള്ളത്;

(ജി) സമയബന്ധിതമായി നിർമ്മാണം നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>റാന്നി - വെച്ചൂച്ചിറ ഫീഡർ നിർമ്മാണം</u>

1753

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ നിന്നും വെച്ചൂച്ചിറയിലേയ്ക്ക് പുതിയ 11 കെ.വി.യുടെ ഫീഡർ നിർമ്മാണത്തിനായി എത്ര രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; എത്ര കീലോമീറ്റർ ദൂരത്തേക്കാണ് ലൈൻ വലിച്ചിട്ടുള്ളത്; ഇനിയും എത്ര കിലോമീറ്റർ കൂടി ലൈൻ വലിക്കാനുണ്ട്;

(സി) ഇതിന്റെ നിർമ്മാണം മന്ദഗതിയിലാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; എത്ര നാളുകൾകൊണ്ട് ഈ പ്രവൃത്തി പൂർത്തിയാക്കാനായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പുന്നപ്ര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്</u>

1754 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര, ആലപ്പുഴ(സൗത്ത്) എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രണ്ടു ഓഫീസുകൾക്കും കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗ ണിക്കുമോ ;

(സി) പുന്നപ്ര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം ഒഴിയണ മെന്ന് കാണിച്ച് കെട്ടിട ഉടമ നോട്ടീസ് നൽകിയത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പുന്നപ്ര ട്രാൻസ്മിഷൻ ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ പുന്നപ്ര ഇല ക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഉണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

ഇടുക്കി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം

1755 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഉണ്ടോ; എങ്കിൽ പ്രസ്തുത പ്രദേശങ്ങൾ ഏതെല്ലാമെന്ന് സെക്ഷൻ ആഫീസ് തിരിച്ച് അറിയിക്കുമോ;

(ബി) കടുത്ത വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങളെ സംബന്ധിച്ച് ഉപഭോക്താക്കളിൽ നിന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്;

(ഡി) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ പങ്ക് കണക്കിലെടുത്ത് ഇടുക്കി ജില്ലയിൽ നിന്നുള്ള വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് മുൻഗണന നൽകുമോ ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

അട്ടപ്പാടിയിൽ കാറ്റിൽ നിന്നും വൈദ്യുത
ഉല്പാദിപ്പിക്കാനുള്ള പദ്ധതി

1756

ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഉള്ള പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിനായി എങ്ങനെ ഭൂമി കണ്ടെത്താനാണ് ബോർഡ് ആലോചിക്കുന്നത്;

(സി) ആദിവാസികളുടെ ഭൂമി ഇതിനായി ഉപയോഗിക്കുവാൻ ആലോചനയുണ്ടോ;

(ഡി) പദ്ധതി നടപ്പാക്കുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശം ആദിവാസികൾക്ക് തന്നെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഭൂമി വിട്ടുതരാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർക്ക് റവന്യൂ ഷെയർ നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി വകുപ്പിലെ പരിശീലനം</u>

1757 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകാറുണ്ടോ ;ഉണ്ടെങ്കിൽ പരിശീലനം നല്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വിഭാഗത്തിൽപ്പെട്ടവർക്കും എത്ര കാലത്തെ പരിശീലനമാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പരിശീലനത്തിന്റെ കുറവ് അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആധുനിക രീതിയിലുള്ള പരിശീലനം നല്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>

1758 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പുതുതായി ഏതെങ്കിലും വൈദ്യുതപദ്ധതികൾ നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ നിന്ന് എത്രമെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>നൂറുദിനപരിപാടിയിൽ വൈദ്യുതി മേഖലയിലെ പ്രവർത്തികൾ</u>

1759 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 100 ദിന കർമ്മപരിപാടിയിൽ 1000 കിലോമീറ്റർ നീളത്തിൽ 11.കെ.വി. ലൈനുകളും, 100 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പാക്കിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഏതൊക്കെ സബ് സ്റ്റേഷന് കീഴിലാണ് പ്രവൃത്തി നടന്നതെന്നന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>സംഭരണശേഷിയും നീരൊഴുക്കും</u>

1760 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ. കെ. ബാലൻ
,, എം. ഹംസ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബിയുടെ ജലസംഭരണികളിൽ ഇപ്പോൾ സംഭരണശേഷിയുടെ എത്ര ശതമാനം ജലം സംഭരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; മുൻവർഷങ്ങളുമായുള്ള താരതമ്യം ലഭ്യമാക്കാമോ ;

(ബി) ഈ കാലവർഷത്തിൽ ഇതേവരെ ലഭ്യമായ നീരൊഴുക്കിന്റെ അളവ് വൈദ്യുത ഉല്പാദനശേഷിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) ഈ വർഷം ഇതേവരെ ലഭിച്ച നീരൊഴുക്ക് ശരാശരി ലഭ്യതയേക്കാൾ എത്ര യൂണിറ്റ് അധിക വൈദ്യുത ഉല്പാദനത്തിന് പര്യാപ്തമാണെന്ന് വിശദമാക്കാമോ ;

(ഡി) മെച്ചപ്പെട്ട കാലവർഷത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട വൈദ്യുത നിരക്ക് വർദ്ധനവും ഇന്ധന സർച്ചാർജ്ജും ഒഴിവാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പ്രസരണ നഷ്ടം കുറയ്ക്കുവാൻ നടപടി</u>

1761 ശ്രീ. എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രസരണ നഷ്ടത്തിന്റെ തോത് ഇപ്പോൾ എത്രയെന്ന് അറിയിക്കുമോ ;

(ബി) പ്രസരണ നഷ്ടം കുറയ്ക്കുവാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് വൈദ്യുതിവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) തമിഴ്നാട്ടിലെ കൂടംകുളം ആണവനിലയം പ്രവർത്തനക്ഷമമാകുമ്പോൾ കേരളത്തിന് ലഭ്യമാകുന്ന വൈദ്യുതി എത്രയെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

<u>കുടിശ്ശിക വസൂലാക്കുന്നതിനുള്ള നടപടികൾ</u>

1762 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിനു കീഴിലുള്ള കുടിവെള്ള പദ്ധതികൾ, സർക്കാർ ആശുപത്രികൾ, ഗവൺമെന്റ് സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക വസൂലാക്കാൻ നടപടി സ്വീരിക്കുന്നതോടൊപ്പം വൈദ്യുതി ബന്ധം വിച്ഛേദിച്ച് ബുദ്ധിമുട്ടിക്കുന്ന നിലവിലുള്ള സമ്പ്രദായം അവസാനിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്നു വ്യക്തമാക്കുമോ ;

(ബി) സർക്കാർ ആശുപത്രികളുടെയും സർക്കാർ ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളുടെയും സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ഭരണവകുപ്പുകളുമായി ബന്ധപ്പെട്ട് കുടിശ്ശികയിന്മേൽ ഈടാക്കുന്ന പിഴകളും മറ്റും ഒഴിവാക്കി നൽകുവാനും വൈദ്യുതി ചാർജ് കുടിശ്ശിക തുക അടക്കുവാനുള്ള തുക പ്രത്യേക ബഡ്ജറ്റ് വിഹിതമായി മാറ്റി വക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകൾ</u>

1763 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണമെത്ര;

(ബി) ഇനി എത്ര വീടുകൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്; അവ ഏതൊക്കെ പഞ്ചായത്തുകളിലാണ്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി അപകടങ്ങളിൽപെടുന്നവർക്ക്</u>
<u>നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുവാൻ നടപടി</u>

1764

ശ്രീ. പി. എ. മാധവൻ
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത അപകടങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) വൈദ്യുതി ലൈൻ പൊട്ടിവീഴുന്നതു മൂലവും, വകുപ്പിന്റെ അനാസ്ഥ മൂലവും ഉണ്ടാകുന്ന അപകടങ്ങളിൽപെടുന്നവർക്ക് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരങ്ങൾ എന്തെല്ലാം;

(സി) ഇത് വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) വൈദ്യുതി ലൈൻ റിപ്പെയർ ചെയ്യുമ്പോൾ വ്യാപകമായി കരാർ തൊഴിലാളികൾ അപകടങ്ങളിൽപെടുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവർക്ക് അർഹമായ നഷ്ടപരിഹാരങ്ങൾ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കരാർ തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് ലൈൻ നന്നാക്കുന്നതിന് ആവശ്യമായ യോഗ്യതകളോ പരിജ്ഞാനമോ ഇവർക്ക് ഇല്ലാത്തതു മൂലമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കുള്ള ധനസഹായം</u>

1765 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്രപേർ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ വൈദ്യുതിലൈനിലെ ജോലി ചെയ്യുന്നതിനിടയിൽ എത്രപേർ ഷോക്കേറ്റ് മരിച്ചിട്ടുണ്ട്;

(സി) ജോലിക്കിടെ മരണപ്പെടുന്നവർക്ക് ഇതിനകം എന്തെങ്കിലും ധനസഹായം പ്രഖ്യാപിക്കുകയോ നൽകുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രപേർക്ക് എത്ര രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ജോലിക്കിടെ മരണപ്പെടുന്നവർക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പുതിയ സബ് സ്റ്റേഷനുകൾ</u>

1766 ഡോ. എൻ. ജയരാജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വൈദ്യുതി സബ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നിലവിലുള്ള 33 കെ.വി. സബ് സ്റ്റേഷനുകൾ 66 കെ. വി. സബ് സ്റ്റേഷനുകളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കുമളി സബ്സ്റ്റേഷൻ</u>

1767 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുമളി സബ്സ്റ്റേഷനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടം വരെ എത്തി എന്നു വ്യക്തമാക്കാമോ ;

(ബി) ഭൂമി ലഭിച്ചു കഴിഞ്ഞാൽ എന്ന് സബ് സ്റ്റേഷന്റെ പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ജലവൈദ്യുത പദ്ധതികളുടെ ഉൽപാദനശേഷി

1768 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജലവൈദ്യുത പദ്ധതികളുടെ പരമാവധി ഉൽപാദനശേഷി എത്രയെന്നും നിലവിൽ പ്രസ്തുത പദ്ധതികളിൽ നിന്നുള്ള ഉൽപാദനം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) സ്ഥാപിതശേഷിയിൽ ഉൽപാദനം നടക്കാത്ത പദ്ധതികളിൽ നിന്നും ഉൽപാദനം പരമാവധിശേഷിയിലേക്ക് എത്തിക്കുന്നതിന് കെ.എസ്.ഇ.ബി സ്വീകരിച്ച നടപടികൾ എന്തെന്നും അതിന്റെ ഫലപ്രാപ്തിയെ സംബന്ധിച്ചും വ്യക്തമാക്കുമോ ?

# കേരള നിയമസഭ

# 04.10.2011-ലെ മറുപടിക്ക്

<u>നിർമ്മാണം ആരംഭിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

1769 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എവിടെയൊക്കെയാണ് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചത്;

(ബി) ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്ത് അധികമായി ഉൽപാദിപ്പിക്കുക;

(സി) ഈ പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

നാദാപുരം മണ്ഡലത്തിലെ മിനിജലവൈദ്യുത പദ്ധതികൾ

1770 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ മിനി ജലവൈദ്യുത പദ്ധതികളായ ചാത്തംങ്കോട്ട് നട, വിലങ്ങാട് എന്നിവ എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) കമ്മീഷൻ ചെയ്ത മിനി ജലവൈദ്യുത പദ്ധതിയായ □പൂഴിത്തോട്□ൽ നിന്നും ഒരു ദിവസം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

<u>പെരുനാട് ജലവൈദ്യുത പദ്ധതി</u>

1771 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(ബി) പെരുനാട് ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിയും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്;

(ബി) പ്രസ്തുത പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കുമ്പോൾ എത്രമാത്രം പ്രദേശങ്ങളാണ് വെള്ളത്തിനടിയിലാവുക; എങ്കിൽ ഈ പ്രദേശങ്ങളിലുള്ളവർക്കും പൊതുമരാമത്ത്, പഞ്ചായത്ത് റോഡുകൾക്കുണ്ടാകുന്ന നാശത്തിനും നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ വെള്ളം കയറുന്ന പ്രദേശങ്ങളെക്കാൾ കൂടുതൽ വസ്തുവകകൾക്ക് നാശമുണ്ടാകുമെന്ന ജനങ്ങളുടെ ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോ; എങ്കിൽ കൂടുതൽ പ്രദേശങ്ങൾ ഏറ്റെടുക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

<u>കാറ്റിൽ നിന്ന് വൈദ്യുതി</u>

1772 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുവേണ്ടി അനുയോജ്യമായ ഭൂമി സജ്ജമാക്കുന്ന സ്വകാര്യവ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സഹായങ്ങൾക്കർഹതയുണ്ടോ ;
ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) അനുയോജ്യമായതായി കണ്ടെത്തുന്ന ഭൂമിയിൽ മറ്റവകാശങ്ങളോ ബാധ്യതയോ ഇല്ലെന്ന് ഉറപ്പാക്കാൻ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദന പദ്ധതിയുടെ ഭാഗമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പിന്നീട് ഭൂമി സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കാറ്റില്‍ നിന്ന് വൈദ്യുതി - എന്‍.റ്റി.പി.സി. യുമായി ധാരണ</u>

1773 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാറ്റില്‍ നിന്ന് വൈദ്യുതി ഉദ്പാദിപ്പിക്കുന്നതിനായി എന്‍.റ്റി.പി.സി. കേരള സര്‍ക്കാരുമായി ധാരണ പത്രം ഒപ്പ് വച്ചിട്ടുണ്ടോ; എങ്കില്‍ ഒപ്പ് വച്ച ധാരണാപത്രത്തിന്റെ ഒരു പകര്‍പ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) എന്‍.റ്റി.പി.സി. നേരിട്ടാണോ, സ്വകാര്യ സ്ഥാപനങ്ങളുമായി സംയുക്ത പങ്കാളിത്തത്തിലാണോ പദ്ധതി നിര്‍വ്വഹിക്കാന്‍ പോകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളില്‍ കാറ്റില്‍ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനാണ് എന്‍.റ്റി.പി.സി. ഉദ്ദേശിക്കുന്നത്;

(ഡി) സര്‍ക്കാര്‍ ഭൂമിയിലാണെങ്കില്‍ അവ ഏതൊക്കെയാണെന്നും, സ്വകാര്യ ഭൂമിയില്‍ ഉദ്ദേശിക്കുന്നുണ്ടെങ്കില്‍ പ്രസ്തുത ഭൂമി എങ്ങിനെ ലഭ്യമാക്കാനാണുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് അനര്‍ട്ട് തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കാറ്റാടിയന്ത്രങ്ങളിലൂടെ വൈദ്യുതി ഉല്പാദനം</u>

1774 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റാടിയിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എത്ര കാറ്റാടി യന്ത്രങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അവ എവിടെയെല്ലാമാണെന്നും എത്രയൊക്കെയാണെന്നും ഇത് ആരുടെയൊക്കെയാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കാറ്റില്‍ നിന്നും വൈദ്യുതി</u>

1775

ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാറ്റില്‍ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോജക്ടുകള്‍ വൈദ്യുതി ബോര്‍ഡ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) ഈ വിധത്തില്‍ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന്റെ ലാഭനഷ്ടങ്ങളും സാദ്ധ്യതകളും സംബന്ധിച്ച് കെ.എസ്.ഇ.ബി. എന്തെങ്കിലും ശാസ്ത്രീയമായ പഠനങ്ങള്‍ നടത്തിയിട്ടുണ്ടോ ?

## കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ്</u>

1776 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇതുവരെയായി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ അഡൈ്വസ് ചെയ്തു;

(സി) ഇപ്പോൾ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി.യിലെ ശമ്പള പരിഷ്ക്കരണം

1777 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ജീവനക്കാരുടെയും, ഓഫീസർമാരുടെയും ശമ്പള പരിഷ്കരണം സംബന്ധിച്ച ദീർഘകാല കരാർ 28.2.2011-ൽ ഒപ്പുവെച്ചിട്ടും ഓഫീസർമാർക്കും, ഓഫീസർ ഗ്രേഡ് ലഭിച്ച ഇതര ജീവനക്കാർക്കും പരിഷ്കരിച്ച ശമ്പളം ലഭിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് പരിഷ്കരിച്ച ശമ്പളം ലഭ്യമാകുന്നതിലേക്ക് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വൈദ്യുത ബോർഡിലെ ജീവനക്കാരുടെയും</u>
<u>ഓഫീസർമാരുടെയും സ്ഥലംമാറ്റം</u>

1778 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
'' കെ.കെ. നാരായണൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും സ്ഥലംമാറ്റത്തിന് അംഗീകൃത മാനദണ്ഡങ്ങൾ നിലവിലുണ്ടോ ;

(ബി) ഇത്തവണത്തെ പൊതുസ്ഥലംമാറ്റത്തിൽ വ്യാപകമായി മാനദണ്ഡലംഘനങ്ങൾ നടന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്ഥലംമാറ്റ ഉത്തരവുകൾ മാനദണ്ഡത്തിനനുസരിച്ചും സുതാര്യമായും നടപ്പാക്കുമെന്ന വാഗ്ദാനം പാലിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

അതിവേഗ റെയിൽ പാതയ്ക്കായി കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി

1779 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മംഗലാപുരം അതിവേഗ റെയിൽ പാതയ്ക്കായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ നടത്തിയ സാധ്യതാ പഠനം പൂർത്തിയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പൊതുമേഖലാ-സ്വകാര്യ സംരഭകരുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്ത് ഏതെങ്കിലും കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

കേന്ദ്രമന്ത്രിയുമായുള്ള ചർച്ച

1780 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എം. ചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം സന്ദർശിച്ച റെയിൽവേ മന്ത്രി ശ്രീ. ദിനേശ് ത്രിവേദി സംസ്ഥാനത്തെ റെയിൽവേ വികസനം സംബന്ധിച്ച് തിരുവനന്തപുരത്ത് ചർച്ച ചെയ്യുകയുണ്ടായോ;

(ബി) ചർച്ചയിൽ ഉന്നയിക്കപ്പെട്ട റെയിൽവേ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; ഇതിൽ റെയിൽവേ ബഡ്ജറ്റിലൂടെ നേരത്തെ സംസ്ഥാനത്തിന് പ്രഖ്യാപിച്ചിരുന്നതും നടപ്പാക്കാതിരുന്നതുമായ പദ്ധതികൾ ഏതൊക്കെയായിരുന്നു;

(സി) ഇവ ഓരോന്നിലും ചർച്ചയിൽ എന്തു തീരുമാനമാണുണ്ടായത്;

(ഡി) യോഗത്തിൽ പുതുതായി ഉന്നയിച്ച എന്തെല്ലാം സംഗതികളിന്മേൽ ഉറപ്പു ലഭിക്കുകയുണ്ടായി;

(ഇ) സംസ്ഥാനത്ത് സ്വകാര്യപങ്കാളിത്തത്തോടെ നടപ്പാക്കുന്ന റെയിൽവേ പദ്ധതികൾ ഏതൊക്കെയാണ്; അപ്രകാരം എന്തെങ്കിലും നിർദ്ദേശം യോഗത്തിലുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(എഫ്) യോഗത്തിന്റെ മിനിട്സ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

റെയിൽവേ വികസനം- തീരുമാനങ്ങൾ

1781 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിട്ടുമനസ്സിലാക്കുന്നതിനായി കേന്ദ്ര റെയിൽവേ മന്ത്രി, റെയിൽവേ ബോർഡ് അംഗങ്ങൾ എന്നിവർ ഈയിടെ സംസ്ഥാനം സന്ദർശിക്കുകയുണ്ടായോ;

(ബി) എങ്കിൽ എന്നായിരുന്നു സന്ദർശനം;തുടർന്നുണ്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) കഞ്ചിക്കോട് റെയിൽവെ കോച്ച് ഫാക്ടറിക്ക് തറക്കല്ലിടൽ, തിരുവനന്തപുരം-കന്യാകുമാരി പാത, ഷൊർണ്ണൂർ-മംഗലാപുരംപാത എന്നിവയുടെ വൈദ്യുതീകരണം എന്നിവയിൽ പുതിയ തീരുമാനം കൈക്കൊളളുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

(ഡി) നിലമ്പൂർ -തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് എന്നു മുതൽ ഓടിത്തുടങ്ങും:

(ഇ) കേരളത്തിന് പുതിയ റെയിൽവെ മേഖല എന്ന സംസ്ഥാനത്തിന്റെ വർഷങ്ങളായുളള ആവശ്യം യാഥാർത്ഥ്യമാകുമോ; ഇല്ലെങ്കിൽ ഇതിനായുളള സമ്മർദ്ദം തുടരുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വയനാട്ടിലെ റെയിൽവേ വികസനം</u>

1782 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിൽ വയനാട് ജില്ലയെ ഉൾപ്പെടുത്തി കിട്ടുന്നതിനുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വികസനത്തിന് വഴിയൊരുക്കുന്ന നഞ്ചൻകോട്-വയനാട്-നിലമ്പൂർ പാതയ്ക്ക് തടസ്സമായി നിൽക്കുന്ന പ്രധാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാതയുമായി ബന്ധപ്പെട്ട് ബദൽ സംവിധാനങ്ങളെക്കുറിച്ചുള്ള സാദ്ധ്യതാപഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>നിലമ്പൂർ - തിരുവനന്തപുരം ലിങ്ക് എക്സ്പ്രസ്</u>

1783 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അനുവദിച്ച നിലമ്പൂർ - തിരുവനന്തപുരം ലിങ്ക് എക്സ്പ്രസ്സ് ട്രെയിൻ ഓടി തുടങ്ങാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ ;

(ബി) ദക്ഷിണ റെയിൽവേയുടെ സമയപ്പട്ടികയിൽ ഉൾപ്പെട്ടിട്ടും ട്രെയിൻ ഓടിതുടങ്ങിയിട്ടില്ല എന്നത് കണക്കിലെടുത്ത് റെയിൽവേവകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീക രിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ - മംഗലാപുരം റൂട്ടിലെ യാത്രാക്ലേശം</u>

1784 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ - മംഗലാപുരം റൂട്ടിലെ റെയിൽവേ യാത്രക്കാരുടെ യാത്രാക്ലേശം പരിഹരിക്കുവാൻ പ്രസ്തുത റൂട്ടിൽ കൂടുതൽ പാസഞ്ചർ ട്രെയിനുകൾ വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ട്രെയിനുകൾ അനുവദിച്ചു കിട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>മലബാറിലെ യാത്രാക്ലേശം</u>

1785 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ തീവണ്ടിയാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ഭാഗത്തു നിന്നും ബാംഗ്ലൂർ, ചെന്നൈ, ഹൈദ്രാബാദ്, തിരുവനന്തപുരം പ്രദേശങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നവർക്കു വേണ്ടി കൂടുതൽ തീവണ്ടികൾ ഏർപ്പെടുത്തുവാൻ ആവശ്യമായ നപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആവശ്യങ്ങൾ നേടിയെടുക്കുവാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം നപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>നിലമ്പൂര്‍ - ഫറൂക്ക് റയില്‍വേ ലൈന്‍</u>

1786 ശ്രീ. കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലമ്പൂരില്‍ നിന്ന് അങ്ങാടിപ്പുറം മലപ്പുറം വഴി ഫറൂക്കിലേയ്ക്ക് റയില്‍വേ ലൈന്‍ നീട്ടുന്നതിനുളള സര്‍വ്വേ പൂര്‍ത്തീകരിച്ചതായി അറിയാമോ;

(ബി) ഇതു സംബന്ധിച്ച തുടര്‍നടപടികള്‍ക്കുവേണ്ടി കേന്ദ്ര സര്‍ക്കാരില്‍ എന്തെങ്കിലും സമ്മര്‍ദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പാലങ്ങൾ പുതുക്കി പണിയാൻ നടപടി</u>

1787 ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂറ് വർഷത്തിലേറെ പഴക്കമുള്ള എത്ര റെയിൽവേ മേൽപ്പാലങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ ; ഇവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതായി അറിയാമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കേട്ടിക്കുളം റയിൽവേ ഓവർബ്രിഡ്ജ്</u>

1788 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കേട്ടിക്കുളം റയിൽവേ സ്റ്റേഷൻ ലെവൽ ക്രോസ് 280-ൽ റയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയാമോ;

(ബി) ആർ.ഒ.ബിയുടെ നിർമ്മാണം വർഷങ്ങളായി റയിൽവെയുടെ ഫിനാൻസിങ് കമ്മിറ്റിയുടെ പരിഗണനയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആർ.ഒ.ബി നിർമ്മിക്കുന്നതിന് റയിൽവെ മന്ത്രാലയവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>അരിയല്ലൂർ മേൽപ്പാലം</u>

1789 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരിയല്ലൂർ പ്രദേശത്ത് ഒരു ലവൽക്രോസോ മേൽപ്പാലമോ നിർമ്മിക്കാത്തതുകാരണം റയിൽവേയുടെ ഇരുവശവും താമസിക്കുന്ന ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ കേന്ദ്ര റെയിൽവേ വകുപ്പ് തയ്യാറാണെങ്കിൽ സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ട ചെലവിന്റെ തുക സർക്കാർ നൽകാൻ തയ്യാറാണെന്ന വിവരം റെയിൽവേ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ്

1790 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം -മംഗലാപുരം പരശുറാം എക്സ്പ്രസ്സിന് ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേന്ദ്രസർക്കാരിന്റെ പ്രതികരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

റെയിൽവേ ലെവൽക്രോസും മേൽപ്പാലവും

1791 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, കെ.എൻ.എ. ഖാദർ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാവലില്ലാത്ത റെയിൽവേ ലവൽക്രോസുകളിൽ അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ലവൽക്രോസുകൾ പരമാവധി ഒഴിവാക്കുന്ന നയം സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണി നടന്നു വരുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) സ്ഥലമെടുത്തു നല്കാത്തതുകൊണ്ട് പണി ആരംഭിക്കാത്ത റെയിൽവേ ഓവർബ്രിഡ്ജുകൾ ഏതെങ്കിലുമുണ്ടോ ;

(ഇ) റെയിൽവേ അധികൃതരുടെ നിഷേധാത്മക നിലപാടു മൂലം ഓവർബ്രിഡ്ജുകളുടെ പണി മുടങ്ങിക്കിടപ്പുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?